**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4013** **03-03-2023 - ൽ മറുപടിയ്ക്ക്**

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ സ്ഥാനക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ മരുന്ന് സംഭരണ-വിതരണ വിഭാഗത്തിലുള്ള സീനിയർ ആയ അസിസ്റ്റന്റ് മാനേജർക്ക് ഡെപ്യൂട്ടി മാനേജർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുവാൻ 10.05.2022-ലെ ഡയറക്ടർ ബോർഡ് യോഗത്തിൽ (നം.68.19) തീരുമാനമെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത വിഭാഗത്തിൽ 03.10.2011-ന് ജോലിയിൽ പ്രവേശിച്ച ബിരുദാനന്തര ബിരുദം യോഗ്യതയുള്ള വ്യക്തി അസിസ്റ്റന്റ് മാനേജർ ആയി ഉണ്ടായിരിന്നിട്ടും സീനിയോരിറ്റിയുള്ള അദ്ദേഹത്തെ സ്ഥാനക്കയറ്റത്തിന് പരിഗണിക്കാതെ ഡിപ്ലോമ യോഗ്യതയും 18.08.2012-ന് മാത്രം അസിസ്റ്റന്റ് മാനേജർ ആയി ജോലിയിൽ പ്രവേശിച്ചതുമായ വ്യക്തിക്ക് സൂപ്പർവൈസറി പോസ്റ്റായ ഡെപ്യൂട്ടി മാനേജർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; | (ബി) | 03.10.2011-ന് ജോലിയിൽ പ്രവേശിച്ച വ്യക്തിക്ക് ഡിഗ്രിയും എം.ബി.എ. യുമാണ് യോഗ്യത. ടി വ്യക്തി മറ്റൊരു ഡിവിഷനിലുമാണ് പ്രസ്തുത കാലയളവിൽ ജോലി ചെയ്തിരുന്നത്. 03.10.2011-ന് ജോലിയിൽ പ്രവേശിച്ച ആരും തന്നെ പ്രസ്തുത ഡയറക്ടർ ബോർഡ് യോഗതീരുമാനമെടുത്ത 10.05.2022-ന് അവശ്യ മരുന്ന് വിഭാഗത്തിൽ ജോലി ചെയ്യുന്നുണ്ടായിരുന്നില്ല. |
| (സി) | ബോർഡ് തീരുമാനത്തിൽ ശമ്പള വർദ്ധനവ് പ്രതിപാദിക്കാതെ ഡെപ്യൂട്ടി മനേജരുടെ കൺസോളിഡേറ്റഡ് പേ മുപ്പതിനായിരം രൂപയിൽ നിന്നും നാൽപ്പതിനായിരത്തി അഞ്ഞൂറ് രൂപ ആയി അനുവദിച്ച് നൽകാനിടയായ സാഹചര്യം വ്യക്തമാക്കാമോ; | (സി) | 18.08.2012-ൽ അസിസ്റ്റന്റ് മാനേജർ തസ്തികയിൽ പ്രവേശിച്ച വ്യക്തിക്ക് അന്ന് നിലവിലുണ്ടായിരുന്ന കൺസോളിഡേറ്റഡ് വേതനമായ 20,000 രൂപ അനുവദിച്ചിരുന്നു. ടിയാൾക്ക് കാലാകാലങ്ങളായുള്ള വേതന വർദ്ധനവ് ലഭിച്ചതിനാൽ ഡെപ്യൂട്ടി മാനേജർ ആയി പ്രൊമോഷൻ നൽകിയ തീരുമാനമെടുത്ത 10.05.2022 ൽ 30,550 രൂപ ആയിരുന്നു ടിയാളുടെ വേതനം. ഡയറക്ടർ ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് ഡെപ്യൂട്ടി മാനേജരായി സ്ഥാനക്കയറ്റം നൽകുകയുണ്ടായി. തുടർന്ന് ടിയാളുടെ വേതനം 40,550 രൂപ ആയി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിലല്ലാതെ വേതനവർദ്ധനവ് അനുവദിച്ച നടപടിക്കെതിരെ |

| | | | |
|---|---|---|---|
| | | | ലഭിച്ച പരാതിയിൻമേൽ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത ബോർഡ് റെസൊല്യൂഷൻ പ്രകാരം അസിസ്റ്റന്റ് മാനേജർ ആയ വ്യക്തിക്ക് ഡെപ്യൂട്ടി മാനേജർ ആയി സ്ഥാനക്കയറ്റം നൽകുന്ന കാര്യം പരാമർശിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഇല്ല. ബോർഡ് യോഗതീരുമാനത്തിൽ അവശ്യ മരുന്ന് വിഭാഗത്തിലെ ഏറ്റവും സീനിയർ ആയ അസിസ്റ്റന്റ് മാനേജരെ ഡെപ്യൂട്ടി മാനേജർ ആയി സ്ഥാനകയറ്റം നൽകണം എന്നാണ് പരാമർശിച്ചിട്ടുള്ളത്. |
| (ഇ) | പ്രസ്തുത സ്ഥാനകയറ്റം റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ജീവനക്കാർ നിവേദനം സമർപ്പിച്ചിട്ടും ആയത് നടപടിയൊന്നും സ്വീകരിക്കാതെ മാറ്റിവച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിന്മേലുള്ള നടപടി ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | സ്ഥാനകയറ്റം റദ്ദാക്കണമെന്ന ആവശ്യവുമായി ലഭ്യമായ നിവേദനങ്ങളിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ